## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.158.** **16.02.2016 ൽ മറുപടിയ്ക്ക്.**

**<u>വിദ്യാർത്ഥികൾക്കുള്ള സൗജന്യ യാത്ര</u>**

| ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, കെ.മുരളീധരൻ<br>,, വി.പി.സജീന്ദ്രൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്രയ്ക്ക് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) & (സി) | പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് യാത്രച്ചെലവ് അവരുടെ വിദ്യാഭ്യാസത്തിന് ഒരു പരിധിവരെയെങ്കിലും തടസ്സമാവരുതെന്നും ഡീസൽ വില കുറഞ്ഞ് ലിറ്ററിന് ഏതാണ്ട് 52 രൂപയിൽ എത്തിയപ്പോൾ അതിന്റെ ആനുകൂല്യം വിദ്യാർത്ഥികൾക്കും കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾക്കും ലഭ്യമാക്കുക എന്നുമുള്ള ഉദ്ദേശ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.<br>കെ.എസ്.ആർ. ടി.സി.-യുടെ ടൗൺ ടു ടൗൺ ഓർഡിനറി ഒഴികെയുള്ള |
| (സി) | ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | | |

| | | | |
|---|---|---|---|
| | | | എല്ലാത്തരം ഓർഡിനറി സർവീസുക - ളിലും 01.02.2015 മുതൽ പ്ലസ് ടു തലംവരെ പഠിക്കുന്ന വിദ്യാർത്ഥി കൾക്ക് സൗജന്യ യാത്ര അനുവദിച്ചു വരികയാണ്.<br>10 രൂപയുടെ ഒരു സൗജന്യ യാത്രാ കാർഡ് കരസ്ഥമാക്കി വിദ്യാർത്ഥി - കൾക്ക് ഈ ആനുകൂല്യം പ്രയോജനപ്പെടുത്താവുന്നതാണ്.<br>സൗജന്യ യാത്രാ കാർഡിൽ യാത്ര ചെയ്യേണ്ട റൂട്ടും കാലാവധിയും രേഖപ്പെടുത്തിയിട്ടുണ്ട്. 3 മാസം കൂടുമ്പോൾ ഈ കാർഡ് പുതുക്കി വാങ്ങേണ്ടതാണ്. ഞായറാഴ്ചയും മറ്റ് പൊതു അവധി ദിവസങ്ങളും ഒഴികെയുള്ള ദിവസങ്ങളിൽ സൗജന്യ യാത്രാ കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതാണ്.<br>ഇത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ കെ.എസ്.ആർ.ടി.സി.-യുടെ മുഖ്യ കാര്യാലയത്തിൽ നിന്നും എല്ലാ ഡിപ്പോകൾക്കും നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.